# ഇടവക ദൂതൻ

(Private Circulation Only)

2015 November / December Vol. 34 Issue: 6

THAT THEY ALL MAY BE ONE
CHURCH OF SOUTH INDIA

Merry Christmas



## ST. STEPHEN'S C.S.I. CHURCH


Vicar. REV. DR. K.T. KURIAN
MUNDIAPPALLY P.O., THIRUVALLA - 689 581
Phone: 0469-2693232
email : csichurchmundiappally@gmail.com Website: www.csimdply.org

# സെന്റ് സ്റ്റീഫൻസ് സി.എസ്.ഐ ചർച്ച്

## ചർച്ച് കമ്മറ്റി 2014-17

| | |
|---|---|
| ***വികാർ & പ്രസിഡന്റ്*** | |
| റവ. ഡോ. കെ.റ്റി. കുര്യൻ | 0469-2693232, 9447472945 |
| ***കൈക്കാരന്മാർ*** | |
| ശ്രീ. കെ.കെ. ചെറിയാൻ | 0469-2693536, 8547393536 |
| ശ്രീ. സഖറിയ ജോൺ | 0469 - 2693868, 9656672214 |
| ***സെക്രട്ടറി*** | |
| ശ്രീ. സാബു ജോൺ കോരുത് | 0469-2693804, 9447123826 |
| ***കമ്മറ്റി അംഗങ്ങൾ*** | |
| ശ്രീ. ഈപ്പൻ കെ. ചെറിയാൻ | 0469 - 2694407, 9544413651 |
| ശ്രീ. ഈ.ജി. ജോൺ | 0469 - 2693147, 8281338190 |
| ശ്രീ.രാജീവ് മോൻസി വർക്കി | 0469 - 2693374, 9747949373 |
| ശ്രീ. തോമസ് പി. ജേക്കബ് | 0469 - 2693521, 9605663504 |
| ശ്രീ. എം.എം.മാത്യു | 0469 - 2690378, 9526426841 |
| ശ്രീ. കെ.കെ.കുരുവിള | 0469-2693370, 9747121569 |
| ശ്രീ. സോമൻ ജോസഫ് | 0469-2693516, 9747528347 |
| ശ്രീ. റ്റിജോ തോമസ് | 0469-2693992, 9961363991 |
| ശ്രീമതി അന്നമ്മ തോമസ്കുട്ടി | 9526791551 |
| ശ്രീമതി അന്നമ്മ തോമസ് | 0469-2691823, 9946364533 |
| ശ്രീമതി ലീലാമ്മ പോത്തൻ | 0469-2692834, 9400792834 |
| കുമാരി ആൻ മേരി ജേക്കബ് | 0469 2691222, 9567649885 |
| ***ഡയോസിസൻ കൗൺസിൽ അംഗങ്ങൾ*** | |
| ശ്രീ. പി.കെ.കോശി | 0469-2670455, 9495026416 |
| ശ്രീ. സാബു ജോൺ ഏബ്രഹാം | 0469-2692066, 9447802832 |
| ശ്രീ. സുനിൽ ഏബ്രഹാം | 0469-2693084, 9496849749 |
| പ്രൊഫ. സൂസി എബ്രഹാം | 0469-2693304, 9447563238 |
| ***ക്യൂറേറ്റ്സ്*** | |
| റവ.ഇ.ജി. കോരുള | 9846550987 |
| കപ്യാർ | |
| ശ്രീ. മോനച്ചൻ കുഞ്ഞൂഞ്ഞ് | 8113977501 |

## ഇടവകപ്പട്ടക്കാരന്റെ സന്ദേശം



# ക്രിസ്മസ്

കർത്താവിൽ പ്രിയരേ,

നിങ്ങൾക്കെല്ലാവർക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ. (2 കൊരി. 8:9). ക്രിസ്മസിന്റെ അർത്ഥം വിശദമാക്കുന്ന അർത്ഥ സമ്പുഷ്ടമായ ഒരു വേദശകലമാണ് മേലുദ്ധരിച്ചിട്ടുള്ളത്. സമ്പന്നരിൽ സമ്പന്നനായ യേശുക്രിസ്തു, ദരിദ്രരിൽ ദരിദ്രനായതത്രേ ക്രിസ്മസ് നമ്മെ ഓർമ്മിപ്പിക്കുന്നത്.

**എന്താണ് യേശുക്രിസ്തുവിന്റെ കൃപ?**

'വചനം ജഡമായി കൃപയും, സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു' (യോഹ.1:14). ദൈവം പൂർണ്ണ മനുഷ്യനായി ഈ ലോകത്തിൽ ജീവിച്ചു. പരിമിതി ഇല്ലാത്തവനായി ദൈവം നമ്മുടെ സ്ഥലകാല പരിമിതികൾക്കുള്ളിലേക്ക് കടന്നുവന്നു. മനുഷ്യവർഗത്തെ രക്ഷിക്കുന്നതിനായി തന്റെ സ്വർഗ്ഗീയ മഹിമകൾ യേശുക്രിസ്തുവെടിഞ്ഞു (ഫിലി. 2:5–11). സ്ഥാനമാനങ്ങൾ, പണം, പ്രശസ്തി തുടങ്ങിയവ മറ്റുള്ളവരിൽ നിന്ന് നമ്മെ അകറ്റി നിർത്തുന്നുണ്ടോ? യേശുക്രിസ്തുവിന്റെ രക്ഷണ്യ പ്രവർത്തി നിസ്തുല്യമാണ്. അതു ഒരിക്കലായിട്ടു സംഭവിച്ചതാണ്. എന്നാൽ നമ്മുടെ ശുശ്രൂഷക്കുള്ള മാതൃക ജഡധാരണം തന്നെയാകുന്നു. മറ്റുള്ളവരുമായി താദാത്മ്യം പ്രാപിക്കാതെ നമ്മുടെ ശുശ്രൂഷ ഫലവത്താകില്ല.

**രണ്ടാമതായി കൃപയുടെ ഫലം**

യേശുക്രിസ്തുവിന്റെ രക്ഷണ്യ വേലയുടെ, കൃപയുടെ ഉദ്ദേശം നാം സമ്പന്നരാകുക എന്നതാണ്. നമ്മുടെ മൂല്യബോധം എങ്ങനെയുള്ളതാണ്? എന്തിനാണ് നാം ജീവിതത്തിൽ വളരെയധികം മൂല്യം നൽകുന്നത്. "ദൈവ വിഷയമായി" ദരിദ്രനായിരുന്ന ഒരു സമ്പന്നന്റെ ഉപമ യേശു പറഞ്ഞിട്ടുണ്ടല്ലോ. ലൂക്കോ. 12:16–21.

യേശു ക്രിസ്തുവിന്റെ കൃപ നമ്മുടെ മൂല്യങ്ങൾക്ക് രൂപാന്തരം വരുത്തും. പൗലോസ് പറയുന്നു "ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ചു ചവറ് എന്ന് എണ്ണുന്നു."

ഈ പുതിയ സമ്പന്നത നമ്മെ മറ്റുള്ളവരുടെ ആവശ്യം മനസിലാക്കുന്നതിന് സഹായിക്കും. നമ്മുടെ സ്വയതാല്പര്യങ്ങൾക്കതീതമായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിന് സഹായിക്കും. കാരണം കൃപാലുവായ യേശുക്രിസ്തുവത്രേ നമ്മിൽ ജീവിക്കുന്നത്.

ഒരു ക്രിസ്മസ് കാലംകൂടെ സമാഗതമാകുകയാണ്. അർത്ഥം മനസിലാക്കാതെ നമ്മുടെ കഴിവനുസരിച്ചുള്ള ആഘോഷപരിപാടിയായി ക്രിസ്മസ് തരം താണിട്ടില്ലേ? സമ്പന്നരിൽ സമ്പന്നൻ ദരിദ്രരിൽ ദരിദ്രനായതാണ് ക്രിസ്മസിന്റെ അർത്ഥം. ഈ ക്രിസ്മസിന് മറ്റുള്ളവർക്കുവേണ്ടി എന്തു ചെയ്യുവാൻ കഴിയും എന്ന് ചിന്തിക്കാം. യേശുക്രിസ്തു നമ്മുടെ മൂല്യബോധത്തെ രൂപാന്തരപ്പെടുത്തട്ടെ. നമ്മെ മറ്റുള്ളവരിൽ നിന്നും അകറ്റി നിർത്തുന്നതായ സകല മതിലുകളെയും തട്ടി നിരത്തി. യേശു ക്രിസ്തുവിന്റെ കൃപയുടെ ശക്തിയിൽ ജീവിക്കുവാൻ നമുക്ക് ശ്രമിക്കാം.

മുൻ വർഷങ്ങളിലെപ്പോലെ ഓണവാരസുവിശേഷപ്രവർത്തനങ്ങൾ ഏറ്റവും ഭംഗിയായി നടത്തപ്പെട്ടു. ഈ വർഷം കോട്ടൂർ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയും ഇതിൽ പങ്ക് ചേർന്നു. മുൻ പതിവുപോലെ കല്ലൂപ്പാറ, പുന്നിലം, മുണ്ടിയപ്പള്ളി എന്നീ മൂന്ന് സ്ഥലങ്ങളിൽ പരസ്യയോഗങ്ങൾ നടത്തപ്പെട്ടു. വിവിധ നിലകളിൽ സഹകരിച്ച എല്ലാവരോടുമുള്ള നന്ദിയും അറിയിക്കുന്നു.

ഗായകസംഘ ഞായറാഴ്ച ആഘോഷിച്ചു. മാർത്തോമ്മാ ഡിപ്പാർട്ടുമെന്റ് ഓഫ് സേക്രട്ട് മ്യൂസിക്ക് & കമ്യൂണിക്കേഷൻ ഡയറക്ടർ റവ. ജോൺ മത്തായി അച്ചൻ വചന ശുശ്രൂഷ നിർവ്വഹിച്ചു. യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ക്വിസ് പ്രോഗ്രാമിൽ 7 ടീമുകൾ പങ്കെടുത്തു. വിശ്വവാണിയുടെ പ്രോഗ്രാം ഒക്ടോബർ 17-ാം തീയതി നടത്തപ്പെട്ടു. നമ്മുടെ ഇടവകയിൽപെട്ട 103 അദ്ധ്യാപകരെ ആദരിച്ചു. 55 റിട്ടയാർഡ് അദ്ധ്യാപകരെ പൊന്നാട അണിയിച്ചും, ഇന്ന് പഠിപ്പിച്ചുകൊണ്ടിരിക്കുന്ന 48 പേരെ ഓരോ പൂവ് കൊടുത്തും ആദരിച്ചു. അന്നത്തെ വചന ശുശ്രൂഷ നമ്മുടെ ഇടവകാംഗവും മാവേലിക്കര പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജ് പ്രൊഫസറും ആയിരിക്കുന്ന കൊച്ചുപുരയ്ക്കൽ മിസ്സിസ്സ്. സോണി വിനു നിർവ്വഹിച്ചു. ഇടവക കമ്മറ്റി അംഗങ്ങളും, അവരുടെ കുടുംബങ്ങളും ചേർന്ന് കൊടയ്ക്കനാലിലേക്ക് വിനോദയാത്ര നടത്തി. സെന്റ് മോണിക്കാസ് ദിനത്തോട് അനുബന്ധിച്ച് സ്ത്രീജന സഖ്യാംഗങ്ങൾ അന്നത്തെ മീറ്റിംഗിൽ പങ്കെടുത്തു. ആകെ 22400 രൂപാ ലഭിച്ചു. അതിൽ 21000 രൂപ സ്ത്രീജന സഖ്യ പ്രവർത്തനങ്ങൾക്ക് നൽകി. അന്നേദിവസം മാങ്ങാനം അഗതിമന്ദിരത്തിൽ സ്ത്രീജന സഖ്യത്തിന്റെ വകയായി 10000 രൂപാ നൽകി. സ്ത്രീജന സഖ്യത്തിന്റെ ആദ്യഫല ശേഖരണം നടത്തപ്പെട്ടു. ആകെ 63390 രൂപാ ലഭിച്ചു. ഇതിൽ ഒക്കെ സഹകരിച്ച എല്ലാവരോടുമുള്ള നന്ദിയും, സ്നേഹവും, കടപ്പാടും അറിയിക്കുന്നു. ദൈവം തമ്പുരാൻ അധികമായി അനുഗ്രഹിക്കട്ടെ എന്ന് പ്രത്യേകം പ്രാർത്ഥിക്കുന്നു. ദൈവരാജ്യ മഹത്വത്തിനും, ജനത്തിന്റെ ആത്മീക വളർച്ചയ്ക്കും വേണ്ടി കൂടുതൽ പ്രവർത്തിക്കുവാൻ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

എന്ന്

കർത്തൃശുശ്രൂഷയിൽ

**നിങ്ങളുടെ സ്നേഹമുള്ള കുര്യനച്ചൻ**

# വാർത്തകളും കുറിപ്പുകളും

**സൺഡേസ്കൂൾ ഞായർ**

ഈ വർഷത്തെ സൺഡേസ്കൂൾ ഞായറും അഖിലലോക സൺഡേസ്കൂൾദിനവും നവംബർ 1-ാം തീയതി ഞായറാഴ്ച കൊണ്ടാടി. അന്നേദിവസം രാവിലെ 7.30 ന് അഖിലലോക സൺഡേസ്കൂൾ ദിനമായി ആഘോഷിച്ചു. ആരാധനയിൽ സൺഡേസ്കൂളിന്റെ ചുമതലപ്പെട്ടവർ നേതൃത്വം നൽകി. പൂവത്തൂർ ഇടവകാംഗമായിരിക്കുന്ന ശ്രീ. കെ.എ. മാത്യു വചനശുശ്രൂഷ നിർവ്വഹിച്ചു.

**ഐക്യആരാധന**

ഈ വർഷത്തെ ഐക്യ ആരാധന നവംബർ 8-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് നമ്മുടെ പള്ളിയിൽ വെച്ച് മർത്തോമ്മാ ക്രമത്തിലുള്ള ആരാധന നടത്തപ്പെടുന്നതാണ്. എല്ലാവരും അതിൽ സംബന്ധിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

**പെൺശിശു ഞായർ**

നവംബർ 15-ാം തീയതി ഞായർ (3-ാം ഞായർ) പെൺശിശു ഞായറായി കൊണ്ടാടുന്നതാണ്.

**ആദ്യഫലപ്പെരുന്നാൾ**

നമ്മുടെ ഈ വർഷത്തെ ആദ്യഫലപ്പെരുന്നാൾ ഡിസംബർ 20-ാം തീയതി ഞായറാഴ്ച രാവിലെ 9 നുള്ള ആരാധനയെ തുടർന്ന് നടത്തപ്പെടുന്നതാണ്. എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. ഈ വർഷവും ഭവനങ്ങളിൽ വന്ന് ആദ്യഫല സാധനങ്ങൾ കൊണ്ടുവരുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

**കരോൾ സർവ്വീസ്**

ഈ വർഷത്തെ കരോൾ സർവ്വീസ് ഡിസംബർ 24-ാം തീയതി വ്യാഴാഴ്ച വൈകിട്ട് 7 ന് നടത്തപ്പെടുന്നതാണ്. എല്ലാവരേയും പ്രത്യേകം ക്ഷണിക്കുന്നു.

**ക്രിസ്തുമസ് ദിന ശുശ്രൂഷ**

ക്രിസ്മസ് ദിനത്തിലെ (ഡിസംബർ 25) ആരാധന വെള്ളിയാഴ്ച രാവിലെ 8 മണിക്ക് നടത്തപ്പെടുന്നതാണ്.

**പ്രതിഷ്ഠാദിന ഒരുക്കശുശ്രൂഷ**

പ്രതിഷ്ഠാദിന ഒരുക്കശുശ്രൂഷ ഡിസംബർ 25 ന് വൈകിട്ട് 7മണിക്ക് പള്ളിയിൽ വെച്ച് നടത്തപ്പെടും.

**പ്രതിഷ്ഠാദിന ശുശ്രൂഷ**

ഈ വർഷത്തെ പ്രതിഷ്ഠാദിന ശുശ്രൂഷ ഡിസംബർ 26 ന് ശനിയാഴ്ച രാവിലെ 10 മണിക്ക് നടത്തപ്പെടുന്നതാണ്. എല്ലാവരും അതിൽ സംബന്ധിക്കണം.

**വർഷാവസാന ശുശ്രൂഷ**

വർഷാവസാന ശുശ്രൂഷ ഡിസംബർ 31 ന് രാത്രിയ്ൽ 11.30 ന് പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. അന്നേദിവസം 9.30 മുതൽ കൂട്ടായ്മയോഗവും പള്ളിയിൽവെച്ച് നടത്തപ്പെടുന്നതാണ്.

**സൺഡേസ്കൂൾ ഡിസ്ട്രിക്റ്റ് കലാമേള**

സൺഡേസ്കൂൾ ഡിസ്ട്രിക്റ്റ് കലാമേളിൽ നമ്മുടെ സൺഡേസ്കൂൾ ഈ വർഷവും ഓവറോൾ കിരീടം കരസ്ഥമാക്കി. കുട്ടികളേയും അവരെ പരിശീലിപ്പിച്ച എല്ലാവരേയും അനുമോദിക്കുന്നു.

**വിശുദ്ധ വിവാഹം**

12.09.2015 ആഞ്ഞിലിമൂട്ടിൽ ഷിബിൻ എബ്രഹാമും കൊൻകര അശ്വിൻ വില്ലയിൽ അഞ്ജലി രബേക്കാ ജോണും തമ്മിലും

19.10.2015 ൽ ആറാട്ടുപുഴ അരയാലുംമൂട്ടിൽ ബിജു ചാണ്ടി ചെറിയാനും ഈ ഇടവകയിൽ മുണ്ടയ്ക്കമണ്ണിൽ റ്റിൻസു എലിസബത്ത് രാജുവും തമ്മിലും വിവാഹിതരായി.

നവദമ്പതികളെ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ചരമം**

മറിയാമ്മ ജോർജ്ജ് (89) കൊച്ചുതുണ്ടിയിൽ 16.09.2015 ൽ നിര്യാതയായി. വേർപാടിന്റെ ദുഖത്തിലിരിക്കുന്ന പ്രിയപ്പെട്ടവരെ ദൈവം ആശ്വസിപ്പിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഇടവകയുടെ അനുശോചനം അറിയിക്കുന്നു.

**ഉപസഭ**

നമ്മുടെ ഉപസഭകളായ മുണ്ടുകോട്ട സഭയിൽ ഈട്ടിയ്ക്കൽ ശ്രീ. എം.ഒ.ഫിലിപ്പും പാറടി സഭയിൽ ഈട്ടിയ്ക്കൽ ശ്രീ. ഇ.വി. ജേക്കബും സഭാശുശ്രൂഷകരായി ചാർജ്ജെടുത്തു. ഇവരുടെ ശുശ്രൂഷാകാലം അനുഗ്രഹകരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.




# 2015 – ക്രിസ്തുമസ്സ്
# ഒരു പടി – മുൻപോട്ട്

സി. ജേക്കബ്
താഴികയിൽ

ഇപ്പോൾ നാഥാ അടിയനെ സമാധാനത്തോടെ വിട്ടയയ്ക്കുന്നു. ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ എന്നു പറഞ്ഞു. (ലൂക്കോസ് 2:29-31).

മനുഷ്യ വർഗ്ഗത്തിന്റെ രക്ഷയ്ക്കായി സ്വർഗ്ഗീയ മഹിമകളെ വെടിഞ്ഞ് മനുഷ്യനായി അവതാരം ചെയ്ത യേശുക്രിസ്തുവിന്റെ ജനനത്തെ ഓർക്കുന്ന ദിനങ്ങളാണല്ലോ. ഓരോ വർഷവും ഈ ദിനം ഓർക്കുന്നതിലൂടെ അവ നമ്മിൽ ചെലുത്തുന്ന സ്വാധീനവും, ശാക്തീകരണവും ഏതളവിൽ എത്തി നില്ക്കുമെന്ന് നാം വിചിന്തനം ചെയ്യേണ്ടതത്രേ. ആധുനികതയുടെ അതിപ്രസരണത്തിൽ ദൈവീക മൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലത്രെ നാം എത്തി നിൽക്കുന്നത്

എന്നത് വളരെ ശ്രദ്ധേയമാണ്. ജീവിതത്തിൽ ജീവൻ നഷ്ടപ്പെട്ട വരായും, അറിവിൽ ജ്ഞാനം നഷ്ടപ്പെട്ടവരായും, വിവരങ്ങളിൽ അറിവ് നഷ്ടപ്പെട്ടവരായും നാം മാറിയില്ലേ എന്ന് ചിന്തിക്കേണ്ട കാലം ആസന്നമായിരിക്കുന്നു. മനുഷ്യൻ അനുദിനം അസ്വസ്ഥത യിൽ നിന്നും അസ്വസ്ഥതയി ലേക്ക് നിലംപതിച്ചുകൊണ്ടിരിക്കു ന്നു. മനുഷ്യൻ അപരനോടുള്ള ബന്ധത്തിൽ സമാധാനം കണ്ടെ ത്തുവാൻ കഴിയാത്ത സാഹചര്യം മനുഷ്യ ജീവന് വില കല്പിക്കു വാൻ കഴിയാത്ത അവസ്ഥ ; സമൂഹം ഒരു വശത്ത് നാം അനു ദിനം വേഗത്തിൽ വളർന്നുകൊ ണ്ടിരിക്കുന്നു. മറുവശത്ത് മനു ഷ്യൻ വേഗത്തിൽ തകർന്നുകൊ ണ്ടിരിക്കുന്നു. ഇതിന്റെ മദ്ധ്യത്തി ലാണ് യേശുക്രിസ്തുവിന്റെ ജന നത്തെ ഓർക്കുന്ന 2015-ലെ ക്രിസ്തുമസ്സ് ഇതു നമുക്കു നല്കുന്ന ദൂത് എന്താണ്.

മനുഷ്യവർഗ്ഗത്തിന്റെ രക്ഷ യ്ക്കായി ദൈവത്താൽ ഒരുക്ക പ്പെട്ട രക്ഷാപദ്ധതി. ആശ്വാസത്തി നായി കാത്തിരിക്കുന്നവരുടെ അഭിലാക്ഷ പൂർത്തീകരണം. സർവ്വജനത്തിനും ഉണ്ടാകുവാ നുള്ള ഒരു മഹാ സന്തോഷം. ഈ മഹത് രക്ഷയെ കണ്ടെത്തുന്നവ രാകുന്നു ക്രിസ്തുമസ്സിന്റെ ഗുണ ഭോക്താക്കൾ. ഇത് കേവലം ഒരു ആചാരാനുഷ്ഠാനങ്ങളിൽ ഒതു ങ്ങിനിൽക്കുന്നില്ല, മറിച്ച് ഇതൊരു അനുഭവമാണ്. ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നു വെന്നും, കരുതുന്നുവെന്നും ഈ സ്മരണയിലൂടെ നമ്മുടെ ചിന്ത കളെ തട്ടിയുണർത്തുന്നു. ഓരോ പ്രാവശ്യവും നമ്മിലുണർത്തുന്ന ചിന്തകൾ ദൈവത്തോടുള്ള നമ്മുടെ ബന്ധത്തെ ഉറപ്പിക്കു കയും ജീവിതത്തിൽ ഒരു പടി കൂടി മുന്നോട്ടു കുതിക്കുന്നതിനും നമ്മെ സഹായിക്കും.

നീതിമാനും, യിസ്രായേ ലിന്റെ ആശ്വാസത്തിനുമായി കാത്തിരുന്നവനുമായ ശിമ്യോന്റെ വാക്കുകൾ വളരെ ശ്രദ്ധേയമാണ്. ദൈവത്തിന്റെ രക്ഷാപദ്ധതിയെ കാണുവാൻ അവസരം ലഭിച്ച ശിമ്യോൻ സമാധാനം പ്രാപിക്കു കയാണ്. തന്നിലുള്ള അസ്വസ്ഥ തകൾ മാറി സന്തുഷ്ടി നിറഞ്ഞ മനസ്സുമായി നില്ക്കുന്ന കാഴ്ച യത്രെ നാം അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്നും മനസ്സിലാ ക്കുന്നത്. 2015 ക്രിസ്തുമസ്സ് നാം ആഘോഷിക്കുമ്പോൾ യഥാർത്ഥ ത്തിൽ ദൈവം നൽകുന്ന സന്തോ ഷത്തിന്റെയും, സമാധാനത്തി ന്റെയും അനുഭവക്കാരാകുന്നുവോ എന്നു ചിന്തിക്കുക.

മനുഷ്യൻ ഇന്ന് എല്ലാ മേഖലയിലും വളർന്നുകൊണ്ടിരി ക്കുന്ന ഒരു കാലഘട്ടം. ബൗദ്ധി കവും, ഭൗതികവുമായി മനുഷ്യൻ ധാരാളം വളർന്നു. അതേ സമയം മൂല്യതകർച്ചയിലേക്കു വീഴുന്ന

തായ കാഴ്ച എല്ലാവരും തങ്ങൾക്കായി തന്നെ ജീവിക്കുന്ന സാഹചര്യം, മറുവശത്ത് അവഗണിക്കപ്പെടുന്ന സമൂഹം അപരനെ കാണുന്നതിനോ അവരുടെ ആവശ്യം മനസ്സിലാക്കി പ്രതികരിക്കുന്നതിന് സാധിക്കാത്ത സാഹചര്യം. അസമാധാനവും, അസ്വസ്ഥതയും നിറഞ്ഞ സമൂഹം. ക്രിസ്തുമസ്സ് സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ള ഒരു മഹാ സന്തോഷത്തിന്റെ ദൂതത്രെ നല്കുന്നത്. മനുഷ്യൻ അപരനോടു സമാധാനത്തിൽ ജീവിക്കാൻ കഴിയാത്തത് തന്നിൽ തന്നെ സമാധാനം ഇല്ലാത്തതിനാലത്രെ. തന്നിൽ സമാധാനം ഇല്ലാത്തത് ദൈവത്തോട് സമാധാനം ഇല്ലാത്തതിലത്രെ. ക്രിസ്തു നമ്മുടെ സമാധാനം. യേശു പറഞ്ഞു എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. (യോഹ:14:27) ഈ സമാധാനം അപരനുമായി പങ്കിടുമ്പോൾ അവിടെ സന്തോഷം, സ്വസ്ഥത എന്നിവ ഉളവാകുന്നു. ഈ സന്തോഷം ആട്ടിടയന്മാർക്ക് വിദ്വാന്മാർക്കു വെളിപ്പെട്ടതായി നാം വായിക്കുന്നു.

ക്രിസ്തുവിന്റെ ജനനം ദൈവം നൽകിയ ദാനത്തെ അനുസ്മരിക്കുന്നു. നല്കി എന്നതിനാൽ ദാതാവും, സ്വീകർത്താവും ഉണ്ട്. ദാനം എന്നതിനാൽ വിലയില്ലാത്തത് എന്നല്ല മറിച്ച് വിലയുള്ളത് ദാതാവ് ദാനമായി നല്കുന്നു. നമ്മിൽ വിലയുള്ളത് എന്നു നാം കരുതുന്നത് അപരനുമായി പങ്കിടുവാൻ സാധിക്കുന്നതാണ് യഥാർത്ഥ ക്രിസ്തുമസ്സ്. കരുതലിന്റെയും, സ്നേഹത്തിന്റെയും കൂട്ടായ്മയുടെ സംഗമം അത്രെ ക്രിസ്തുമസ്സ്. ദൈവം തന്റെ പുത്രനെ നമുക്കു ദാനമായി നൽകിയതിലൂടെ നാം ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും, വെളിപ്പാടിന്റെയും ആത്മാവിനെ പ്രാപിച്ച് ഹൃദയ ദൃഷ്ടി പ്രകാശിപ്പിച്ച് അവന്റെ വിളിയാലുള്ള ആശ ഇന്നതെന്ന് മനസ്സിലാക്കി പ്രവർത്തനക്ഷമതയുള്ളവരായിരിപ്പാൻ നമുക്ക് കഴിയേണ്ടതത്രേ.

നാം പിന്നിട്ടതായ ക്രിസ്തുമസ്സ് പരിശോധിച്ചാൽ, ദൈവം നമുക്കു തന്ന (ദാനമായി നൽകിയ) പുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ എത്രമാത്രം വളരുവാൻ സാധിച്ചു. അതിനുതക്കതായ വിധത്തിൽ ചിന്തയിലും, പ്രവർത്തനത്തിലും വളരുവാൻ സാധിച്ചുവോ, ദൈവത്തെ അറിയുന്നവരും, അറിയാത്തവരുമായി പ്രകടമായി എന്തു വ്യത്യാസമാണുള്ളത്.

ദൈവീക മൂല്യങ്ങളിൽ നാം എവിടെ ഒരുപടി മുന്നോട്ടോ?

ഈ വർഷത്തെ ക്രിസ്തുമസ്സ് ക്രിസ്തുവിനോടൊപ്പം ഒരു പടികൂടി മുന്നോട്ടുപോകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# ദശാംശസ്തോത്ര സമർപ്പണം

## ഓഗസ്റ്റ് – സെപ്തംബർ

| | പേര് | തുക |
|---|---|---|
| 1. | അച്ചാമ്മ തോമസ്, പാമല പുത്തൻവീട്ടിൽ | 600 |
| 2. | പി.സി. കുര്യൻ, പാമല പുത്തൻവീട്ടിൽ | 1000 |
| 3. | പി.സി. അലക്സാണ്ടർ, പാമല പുത്തൻവീട്ടിൽ | 1000 |
| 4. | പി.സി. ജോൺ, ഓവിൽ പുതുപ്പറമ്പിൽ | 850 |
| 5. | പി. സി. ജേക്കബ്, ഓവിൽ പുതുപ്പറമ്പിൽ | 350 |
| 6. | സ്വാമി ദാസ്, പൂമാത്തിവിളെ പുത്തൻവീട് | 200 |
| 7. | എം.കെ.ചാക്കോ, മരുതൂത്തറ | 2800 |
| 8. | ജോൺ ചാക്കോ, കച്ചിറ | 2000 |
| 9. | അന്നമ്മ കുരുവിള, തൈപ്പറമ്പിൽ | 400 |
| 10. | ഏ.വി. വറുഗീസ്, അടാട്ട് | 200 |
| 11. | വർഗീസ്. റ്റി. കുരുവിള, തൈപ്പറമ്പിൽ | 1000 |
| 12. | കെ.ജെ. വറുഗീസ്, കോട്ടയ്ക്കാപ്പറമ്പിൽ | 400 |
| 13. | മറിയാമ്മ ഐസക്ക്, പാറടിയിൽ | 1000 |
| 14. | മാത്യു തോമസ്, ചേച്ചാകുന്നിൽ | 400 |
| 15. | ബാബു ജോർജ്ജ് ഏബ്രഹാം, ചേച്ചാകുന്നിൽ | 1500 |
| 16. | പി.വി.ഇട്ടി, മണ്ണിൽമലയിൽ | 50 |
| 17. | പി.ജി.വറുഗീസ്കുട്ടി, മണ്ണിൽ പീസ് ലാൻഡ് | 400 |
| 18. | ശോശാമ്മ ചെറിയാൻ, മുണ്ടയ്ക്കൽ മലയിൽ | 100 |
| 19. | ബിജു ഹാനോക്ക്, പടിഞ്ഞാറേക്കൂറ്റ് | 1200 |
| 20. | പി.വി. തങ്കച്ചൻ, പടിഞ്ഞാറേക്കൂറ്റ് | 1000 |
| 21. | ഉഷാവറുഗീസ്, പടിഞ്ഞാറേക്കൂറ്റ് | 1000 |
| 22. | ഏലിയാമ്മ ഏബ്രഹാം, ഇലഞ്ഞിമൂട്ടിൽ | 1000 |
| 23. | ചെറിയാൻ യോഹന്നാൻ, ഇലഞ്ഞിമൂട്ടിൽ | 200 |
| 24. | കുഞ്ഞുമോൻ തോമസ്, വാണിയപ്പുരയ്ക്കൽ | 150 |
| 25. | വർഗീസ് വർഗീസ്, പാറയിൽ പറമ്പത്ത് | 2500 |
| 26. | മെർലി മേരി ജേക്കബ്, ഈട്ടിക്കൽ | 1000 |
| 27. | അച്ചാമ്മ പൗലോസ്, താഴികമലയിൽ | 1000 |
| 28. | ജോൺസൺ റ്റി. പി, തെക്കേക്കര | 350 |
| 29. | ചിന്നമ്മ ഏബ്രഹാം, കാലാപ്പറമ്പിൽ | 250 |

| | | |
|---|---|---|
| 30. | മാത്യു ചെറിയാൻ, തുണ്ടിയിൽ വടക്കേതിൽ | 700 |
| 31. | കെ.കെ. ജോർജ്ജ്, കൊച്ചുതുണ്ടിയിൽ | 450 |
| 32. | ഗീവർഗീസ് മാത്യു, പാണംകുളത്ത് | 800 |
| 33. | കെ.ഏ. ജോൺ, കാലാപ്പറമ്പിൽ | 300 |
| 34. | പി. വി. മാത്യു, പാറടിയിൽ | 200 |
| 35. | വർക്കി കുരുവിള, തൈപ്പറമ്പിൽ | 200 |
| 36. | ചാണ്ടി സി. തോമസ്, തൊട്ടിപ്പാറയ്ക്കൽ | 200 |
| 37. | ജേക്കബ്. റ്റി. ജോർജ്ജ്, തുണ്ടിയിൽ | 200 |
| 38. | സുരേഷ് കുര്യൻ, തുണ്ടിയിൽ | 900 |
| 39. | സുനോജ് കുര്യൻ, തുണ്ടിയിൽ | 1000 |
| 40. | റ്റി.ബി. ജോർജ്ജ്, തുണ്ടിയിൽ | 400 |
| 41. | ഷാജി ജോർജ്ജ്, മുല്ലപ്പള്ളിൽ | 1000 |
| 42. | വർക്കി ജോർജ്ജ്, അമ്പാട്ടുകുന്നേൽ | 750 |
| 43. | ഏലിയാമ്മ ഈശോ, ഇലവിനാകുഴിയിൽ | 400 |
| 44. | ഏലിയാമ്മ തോമസ്, മലയ്ക്കൽ | 90 |
| 45. | സാം സി. കുരുവിള, ഇലവുങ്കൽ മേലേക്കുറ്റ് | 300 |
| 46. | കോരുള ജോൺ, ഇലവുങ്കൽ | 200 |
| 47. | ഇ.ജി. ജോൺ, ഇലവുങ്കൽ | 1100 |
| 48. | റവ. ഇ. ജി. കോരുള, ഇലവുങ്കൽ | 1200 |
| 49. | ജോൺ പി വറുഗീസ്, പൗവ്വത്തിലാത്ത് | 1000 |
| 50. | ജോർജ്ജ് പി. ജോൺ, പൗവ്വത്തിലാത്ത് | 500 |
| 51. | എം. എം. മാത്യു, മൈലയ്ക്കൽ | 2000 |
| 52. | മറിയാമ്മ യോഹന്നാൻ, പൊരിവട്ടായിൽ | 1500 |
| 53. | കുരുവിള മാത്യു, മുണ്ടയ്ക്കമണ്ണിൽ | 400 |
| 54. | റോയി വറുഗീസ്, വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ | 1000 |
| 55. | സാബു തോമസ്, വടയ്ക്കേമുണ്ടയ്ക്കൽ തെക്കേതിൽ | 300 |
| 56. | ജോസഫ് തോമസ്, വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ | 450 |
| 57. | തോമസ് ജോർജ്, വടക്കേമുണ്ടയ്ക്കൽ | 1000 |
| 58. | പി. എം. സൂസന്ന, എബനേസർവില്ല | 400 |
| 59. | വർഗ്ഗീസ് ജോൺ, കോടംപള്ളിൽ | 400 |
| 60. | അന്നമ്മ കുരുവിള, തൊട്ടിപ്പാറയ്ക്കൽ | 1100 |
| 61. | ബെൻസി കെ. തോമസ്, തൊട്ടിപ്പാറയ്ക്കൽ | 750 |
| 62. | പി. എം. മാത്തുക്കുട്ടി, പണിക്കന്റേത്ത് തൊട്ടിപ്പാറയ്ക്കൽ | 3000 |
| 63. | എം. സി. ഏബ്രഹാം, മൈലയ്ക്കൽ | 300 |
| 64. | മേരി ചാണ്ടി, മൈലയ്ക്കൽ പുത്തൻപറമ്പിൽ | 1000 |

| | | |
|---|---|---|
| 65. | എം. എം. ഏബ്രഹാം, മൈലയ്ക്കൽ | 2000 |
| 66. | ഇ.റ്റി. മത്തായി, ഇലവിനാക്കുഴിയിൽ | 300 |
| 67. | ഇ.സി. മാത്യു, ഇലവിനാക്കുഴിയിൽ | 600 |
| 68. | തോമസ് കെ. വർക്കി, കൊച്ചുതുണ്ടിയിൽ റിജുഭവൻ | 1000 |
| 69. | ഇ. വി. ചാണ്ടി, ഇലവിനാക്കുഴിയിൽ | 200 |
| 70. | സി. ചാണ്ടി, തൊട്ടിപ്പാറയ്ക്കൽ | 600 |
| 71. | റവ. ഡോ. കെ.ടി. കുര്യൻ, പാഴ്സണേജ് | 1000 |
| 72. | വൽസമ്മ കുര്യൻ, കുര്യൻ പാഴ്സണേജ് | 2000 |
| 73. | അന്നമ്മ ചെറിയാൻ, മുണ്ടയ്ക്കമലയിൽ | 500 |
| 74. | എം.വി. കോശി, മുണ്ടയ്ക്കമലയിൽ | 400 |
| 75. | യോഹന്നാൻ കുര്യൻ, കാഞ്ഞിരത്തുങ്കൽ | 200 |
| 76. | കെ.വി.ഈപ്പൻ, പാറയിൽ, പീസ്കോട്ടേജ് | 2000 |
| 77. | ഏബ്രഹാം ജോസഫ്, തൈപ്പറമ്പിൽ സജി സദൻ | 500 |
| 78. | ഏബ്രഹാം വറുഗീസ്, മഠത്തിൽ | 500 |
| 79. | കെ.കെ. ഏബ്രഹാം, കുളങ്ങര രഹബോത്ത് | 400 |
| 77. | സജി എബ്രഹാം, കുളങ്ങര രഹബോത്ത് | 4000 |
| 78. | റ്റി.സി. മാത്യു, തൊട്ടിപ്പാറയ്ക്കൽ | 400 |
| 79. | റോജി മാത്യു തൊട്ടിപ്പാറയ്ക്കൽ | 400 |
| 80. | അനീഷ് മാത്യു, തൊട്ടിപ്പാറയ്ക്കൽ | 1000 |
| 81. | ജോർജ്ജ് ചെറിയാൻ, താഴികയിൽ പുത്തൻവീട് | 100 |
| 82. | ചാണ്ടി അലക്സാണ്ടർ, ആഞ്ഞിലിമൂട്ടിൽ | 600 |
| 83. | വി.ഏ. മാത്യു, വെള്ളൂച്ചേരിൽ | 400 |
| 84. | ഡോ. വി.ജെ. വറുഗീസ്, പാറയിൽ | 400 |
| 85. | ഏബ്രഹാം സി ജോർജ്ജ്, ചേച്ചാകുന്നിൽ | 2000 |
| 86. | ജോൺ വർക്കി, കോട്ടയ്ക്കാപറമ്പിൽ | 200 |
| 87. | മറിയാമ്മ വറുഗീസ്, മുണ്ടയ്ക്കൽ | 200 |
| 88. | റേച്ചൽ ജോർജ്, കാലാപ്പറമ്പിൽ | 800 |
| 89. | അച്ചാമ്മ കുര്യൻ, കൊച്ചുതുണ്ടിയിൽ | 500 |
| 90. | കെ. റ്റി. വർക്കി, കൊച്ചുതുണ്ടിയിൽ | 300 |
| 91. | റിബേക്കാ ജോൺ, തൈപ്പറമ്പിൽ | 1000 |
| 92. | സഖറിയാ ജോൺ, തുണ്ടിയിൽ | 800 |
| 93. | ജോജോ സഖറിയാ, തുണ്ടിയിൽ | 300 |
| 94. | അന്നമ്മ വർക്കി, കൊച്ചുതുണ്ടിയിൽ | 600 |
| 95. | സാജൻ പോൾ, സി.ഡി. സദനം | 800 |
| 96. | അന്നമ്മ ജേക്കബ്, നെല്ലിമൂട്ടിൽ | 1000 |

| | | |
|---|---|---|
| 97. | കെ. ഷൺമുഖം, നെല്ലിമൂട്ടിൽ | 100 |
| 98. | കെ.ജി.മാത്തുക്കുട്ടി, കാരിമൂട്ടിൽ | 1700 |
| 99. | ലീലാമ്മ ഏബ്രഹാം, കാരിമൂട്ടിൽ | 400 |
| 100. | ആലീസ് ജോസഫ്, നെല്ലിമൂട്ടിൽ | 400 |
| 101. | അന്നമ്മ ജോർജ്ജ്, നെല്ലിമൂട്ടിൽ | 1000 |
| 102. | ജൂലി ഷിബു, നെല്ലിമൂട്ടിൽ | 1400 |
| 103. | കെ.വി.ജോൺ, കൊച്ചുതുണ്ടിയിൽ ജോയിഭവൻ | 800 |
| 104. | വർഗ്ഗീസ് ജേക്കബ്, തൈപ്പറമ്പിൽ | 400 |
| 105. | കെ.വി. വറുഗീസ്, കൊച്ചുപുരയ്ക്കൽ | 450 |
| 106. | കെ.കെ. ചെറിയാൻ, കൊച്ചുപുരയ്ക്കൽ | 2000 |
| 107. | വിനു കെ. ചെറിയാൻ, കൊച്ചുപുരയ്ക്കൽ | 2000 |
| 108. | ചിന്നമ്മ ജോൺ, കൊച്ചുമണ്ണിൽ | 1500 |
| 109. | വറുഗീസ് തോമസ്, കൊച്ചുമണ്ണിൽ | 400 |
| 110. | കൊച്ചിട്ടി ഏബ്രഹാം മണ്ണിൽ | 400 |
| 111. | ഈപ്പൻ കെ. ചെറിയാൻ, കട്ടത്തറ | 1000 |
| 112. | ജോൺ കുര്യൻ ആഞ്ഞിലിമൂട്ടിൽ | 900 |
| 113. | ഇ.വി. ചെറിയാൻ, ഈട്ടിയ്ക്കൽ | 200 |
| 114. | ഇ.വി. ജേക്കബ്, ഈട്ടിയ്ക്കൽ | 300 |
| 115. | ഇ.വി. ജോർജ്ജ്, ഈട്ടിയ്ക്കൽ | 300 |
| 116. | ഇ. വി. ഏബ്രഹാം, ഈട്ടിയ്ക്കൽ | 200 |
| 117. | പി. റ്റി. തോമസ്, പാറയിൽ അക്കരപ്പറമ്പിൽ | 200 |
| 118. | വി.ഏ.ജോൺ, ആഞ്ഞിലിമൂട്ടിൽ | 400 |
| 119. | സൂസമ്മ ജോർജ്ജ്, ആഞ്ഞിലിമൂട്ടിൽ | 1000 |
| 120. | ഏ.ഏബ്രഹാം, ആഞ്ഞിലിമൂട്ടിൽ | 200 |
| 121. | ജോർജ് വറുഗീസ്, തറിക്കുന്നിൽ | 1000 |
| 122. | ഡോ. മാത്യു ജോൺ, വല്യേട്ട് | 3000 |
| 123. | സി.റ്റി.തോമസ്, ചേച്ചാകുന്നിൽ | 400 |
| 124. | ജേക്കബ് കുര്യൻ, ആഞ്ഞിലിമൂട്ടിൽ | 300 |
| 125. | മേരി രാജു, ആഞ്ഞിലിമൂട്ടിൽ, | 350 |
| 126. | സി. ജേക്കബ്, താഴികയിൽ | 5000 |
| 127. | ഇ.റ്റി. തോമസ്, ഇലവുങ്കൽ മലയിൽ | 2000 |
| 128. | ഇ.റ്റി. കോരുള, ഇലവുങ്കൽ മലയിൽ | 2000 |
| 129. | അന്നമ്മ വറുഗീസ്, തറികുന്നിൽ | 2000 |
| 130. | റ്റി.വി. വറുഗീസ്, തറികുന്നിൽ | 400 |
| 131. | റ്റി. ജെ. കോശി, തറികുന്നിൽ | 200 |

| | | |
|---|---|---|
| 132. | റ്റി.കെ. വറുഗീസ്, തറികുന്നിൽ | 450 |
| 133. | അന്നമ്മ മാത്യു, ചക്കാലയിൽ | 500 |
| 134. | കെ.കെ.കുരുവിള, കുളങ്ങര സാജൻവില്ല | 1000 |
| 135. | ജിജി ജേക്കബ്, കരിപ്പക്കുഴിയിൽ | 300 |
| 136. | പി.ഏ.അലക്സാണ്ടർ, കരിപ്പക്കുഴിയിൽ | 200 |
| 137. | മറിയാമ്മ ചാക്കോ, ചാത്തനാട്ട് | 400 |
| 138. | എം. ഒ. മാത്തുക്കുട്ടി, ഈട്ടിയ്ക്കൽ | 1100 |
| 139. | വറുഗീസ് ജോർജ്ജ്, അമ്പാട്ടുകുന്നേൽ | 100 |
| 140. | എം. ഒ. ഫിലിപ്പ്, ഈട്ടിയ്ക്കൽ | 1000 |
| 141. | എം. ഒ. ഉമ്മൻ, ഈട്ടിയ്ക്കൽ | 300 |
| 142. | അന്നമ്മ വർക്കി, ഈട്ടിയ്ക്കൽ | 250 |
| 143. | രാജു. എം. വർക്കി, ഈട്ടിയ്ക്കൽ | 2075 |
| 144. | തോമസ്കുട്ടി ഏ. കെ., ആഞ്ഞിലിമൂട്ടിൽ | 350 |
| 145. | അലക്സാണ്ടർ കുര്യൻ, ആഞ്ഞിലിമൂട്ടിൽ | 200 |
| 146. | കോശി മാത്യു, ഒറ്റപ്ലാമൂട്ടിൽ | 200 |
| 147. | പി. കെ. കോശി, ഒറ്റപ്ലാമൂട്ടിൽ | 600 |
| 148. | ഒ. കെ. തോമസ്. ഒറ്റപ്ലാമൂട്ടിൽ | 200 |
| 149. | ഏലിയാമ്മ ചെറിയാൻ, നടുപ്പറമ്പിൽ | 60 |
| 150. | റ്റി.റ്റി. പോത്തൻ, തുരുത്തുമല | 600 |
| 151. | ജോർജ്ജ് ഏബ്രഹാം, തെക്കേക്കുറ്റ്, തകടിയിൽ | 1000 |
| 152. | ജോൺ യോഹന്നാൻ, തുരുത്തുമല തകിടിയിൽ | 200 |
| 153. | കോശി യോഹന്നാൻ, തുരുത്തുമല തകിടിയിൽ | 350 |
| 154. | എം. പി. പുന്നൂസ്, മംഗലത്ത് | 150 |
| 155. | ഷാജി പുന്നൂസ്, മംഗലത്ത് | 600 |
| 156. | എം. പി. ഫിലിപ്പ്, മംഗലത്ത് | 200 |
| 157. | സാബു ഏബ്രഹാം, തുരുത്തുമല | 1000 |
| 158. | റ്റി. സി. മാത്യു, തൈപ്പറമ്പിൽ | 200 |
| 159. | റേച്ചൽ വർഗ്ഗീസ്, മുണ്ടയ്ക്കൽമലയിൽ | 200 |
| 160. | ലീലാമ്മ തോമസ്, മുണ്ടയ്ക്കൽ | 400 |
| 161. | വി. എം. സഖറിയ, വടശ്ശേരിൽ | 400 |
| 162. | ജിജി. എം. സഖറിയ, വടശ്ശേരിൽ | 1000 |
| 163. | മോനച്ചൻ കുഞ്ഞുകുഞ്ഞ് | 400 |
| | **ആകെ** | **126875** |

# 'ഇമ്മാനുവേൽ' ദൈവം നമ്മോടുകൂടെ

സാജൻ പോൾ
സി. ഡി. സദനം

മോശയെ യിസ്രായേൽ മക്കളുടെ വിമോചന നേതാവായി ദൈവം തെരഞ്ഞെടുക്കുമ്പോൾ ദൈവം ഇപ്രകാരമാണ് മോശയോടു പറയുന്നത്. "നീ എന്റെ ജനമായ യിസ്രായേൽ മക്കളെ മിസ്രയീമിൽ നിന്നു പുറപ്പെടുവിക്കേണ്ടതിനു ഞാൻ നിന്നെ ഫറവോന്റെ അടുക്കൽ അയക്കും" പുറപ്പാട്: 3:10. എന്നാൽ ദൈവം നൽകിയ മഹത് ദൗത്യം ഏറ്റെടുക്കുവാൻ മോശെ ആദ്യമൊന്നു വിസമ്മതിച്ചു. "ഫറവോന്റെ അടുക്കൽ പോകുവാനും യിസ്രായേൽ മക്കളെ മിസ്രയീമിൽനിന്നു പുറപ്പെടുവിപ്പാനും ഞാൻ എന്തു മാത്രമുള്ളൂ എന്നു പറഞ്ഞു." പുറ:3:11. തന്റെ ജീവിതത്തിലെ പരാധീനത മോശെ എടുത്തുകാട്ടി. "ഞാൻ എന്തു മാത്രമുള്ളൂ" (വാക്യം 11) ഞാൻ വാക് സാമർത്ഥ്യമുള്ളവനല്ല; ഞാൻ വിക്കനും, തടിച്ചനാവുള്ളവനും ആകുന്നു (വാക്യം 4:10) "ഞാൻ വാഗ്വൈഭവമുള്ളവനല്ലല്ലോ (6:12). നിർവീര്യമാക്കുന്ന വാക്കുകൾ നമ്മെ ആകമാനം തകർത്തു കളയും. മോശെയുടെ സകല പരാധീനതകളും കർത്താവിന് അറിയാം. ആ കുറവുകൾ കണ്ടുകൊണ്ടാണ് മഹനീയ ദൗത്യം അവനെ ഏൽപ്പിക്കുന്നത്. മോശയോടു ദൈവം പറയുന്നത് : "ഞാൻ നിന്നോടു കൂടെ ഇരിക്കും:" ബലഹീനനു ബലവാൻ തുണയായി നിൽക്കുന്നു.

**1. 'ദൈവം നമ്മോടുകൂടെ' ഉണ്ടെന്നു വിശ്വസിക്കണം**

വിവാഹത്തിനു മുമ്പെ ഗർഭവതിയായിതീർന്ന മറിയയെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചിരിക്കുന്ന യോസേഫിനോടു കർത്താവിന്റെ ദൂതൻ പറയുന്നത് "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവനു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും" മത്തായി 1:22. തന്റെ ഭാവിയെ ആശങ്കയോടെ നോക്കികണ്ട യോസേഫിന്റെ മനസ്സിന്റെ നിഷേധാത്മകമായ ചിന്തകൾക്ക് വിരാമം കുറിക്കുന്ന വാക്കുകളായിരുന്നു അത്. ദൈവം കൂടെയുണ്ടെങ്കിൽ ഏതു അവസ്ഥയിലും നമുക്കു ജയത്തോടെ മുന്നേറാൻ കഴിയും.

നമ്മുടെ മനസ്സിനെ തകർക്കുന്ന നിഷേധാത്മകമായ ചിന്തകൾകൊണ്ട് നിറയ്ക്കരുത്. വാസ്തവികമായ ചിന്തകൾകൊണ്ട് മനസ്സ് നിറയപ്പെടട്ടെ. നമ്മുടെ ജീവിതത്തിന്റെ എല്ലാ പരാധീനതകളേയും അറിയുന്ന കർത്താവിനെ നമ്മുടെ ജീവിതത്തെ നയിക്കുവാൻ അനുവദിക്കുക. യേശു ഇമ്മാനുവേലാം ദൈവമാണ്. 'ഇമ്മാനുവേൽ' 'ദൈവം നമ്മോടുകൂടെ'. "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെയുണ്ട്" മത്തായി 28:20.

ഗിദെയോനോടു കർത്താവ് പറയുന്നത്: "അല്ലയോ പരാക്രമശാലിയെ യഹോവ നിന്നോടു കൂടെ ഉണ്ട്" ന്യായാധിപന്മാർ 6:12. "അയ്യോ, കർത്താവേ ഞാൻ യിസ്രായേലിനെ എങ്ങനെ രക്ഷിക്കും?" മനശ്ശെയിൽ എന്റെ കുലം എളിയതും എന്റെ കുടുംബത്തിൽവെച്ചു ഞാൻ ചെറിയവനും

അല്ലോ എന്നു പറഞ്ഞു (വാക്യം:15). "യഹോവ അവനോടു : ഞാൻ നിന്നോടു കൂടെ ഇരിക്കും നീ മിദ്യാന്യരെ ഒറ്റ മനുഷ്യനെപ്പോലെ തോൽപ്പിക്കും" ദൈവം നമ്മോടുകൂടെയുള്ളപ്പോൾ നാം ജയാളികളാകും.

**2. ദൈവവചനത്തിൽ നാം ബലപ്പെടണം**

ആടിയുലയുന്ന മനസിനെ ഏകാഗ്രമാക്കാനും, ജീവിത പ്രശ്നങ്ങളെ ജയകരമായി നേരിടുവാനും നമുക്കു കഴിയണമെങ്കിൽ നാം ദൈവത്തിന്റെ വചനത്തിൽ ബലപ്പെടേണ്ടത് ഏറെ ആവശ്യമാണ്. "അയ്യോ യഹോവയായ കർത്താവേ, എനിക്കു സംസാരിപ്പാൻ അറിഞ്ഞുകൂടാ ഞാൻ ബാലനല്ലോ" എന്ന് തന്റെ കുറവുകൾ നിരത്തി യിരമ്യാവ് ദൈവത്തോടു പറയുമ്പോൾ (യിരമ്യാവ് 1:6) "അതിനു യഹോവ അരുളിച്ചെയ്തതു : ഞാൻ ബാലൻ എന്നു നീ പറയരുത്; ഞാൻ നിന്നെ അയക്കുന്ന ഏവരുടേയും അടുക്കൽ നീ പോകയും ഞാൻ നിന്നോടു കൽപ്പിക്കുന്നതൊക്കെയും നീ സംസാരിക്കുകയും വേണം." (വാക്യം.7) യിരമ്യാവ് പറയുന്നത് "പിന്നെ യഹോവ കൈ നീട്ടി എന്റെ വായെ തൊട്ടു. ഞാൻ എന്റെ വചനങ്ങളെ നിന്റെ വായിൽ തന്നിരിക്കുന്നു."

നിഷേധാത്മകമായ ചിന്തകൾ തിങ്ങി നിറയുന്ന നമ്മുടെ ഉപബോധ മനസ്സ് ദൈവവചനത്താൽ നിറയപ്പെടണം. ദൈവ വചനവുമായ തന്റെ അഭേദ്യമാർന്ന സംബന്ധമാണ് ജോൺബനിയനെ 'പരദേശി മോക്ഷയാത്ര' സഹിതം ഇരുപത്തിനാലോളം ഗ്രന്ഥങ്ങളുടെ രചനകൾക്കായി സഹായിച്ചത്. ഒരു അന്ധനായ കുട്ടി സഹിതം അഞ്ചു മക്കളടങ്ങുന്ന തന്റെ കുടുംബത്തിന്റെ പരാധീനതയെനോക്കി വിഷണ്ണ മനസ്സോടെ ഇരിക്കാതെ ദൈവവചനത്താൽ തന്റെ മനസ്സിനെ ബനിയൻ നിറച്ചു. ദൈവവചനമാണ് ആട്ടിടയരെ ആനന്ദത്തിലേക്ക് ആനയിച്ചത്. ആട്ടിൻകൂട്ടത്തെ കാവൽകാത്തു വെളിയിൽ പാർത്ത ഇടയന്മാരുടെ നിരാശയും, നിഷേധാത്മകമായ ചിന്തകളും മാറുവാൻ തങ്ങൾ കേട്ട ദൈവ വചനത്താൽ കഴിഞ്ഞു.

**3. പ്രാർത്ഥനയിൽ ജാഗരിക്കണം**

ഒരച്ചന്റെ കൊച്ചമ്മയുടെ ജീവിതാനുഭവത്തെക്കുറിച്ച് ആ ഭവനം സന്ദർശിച്ച ഒരു പുരോഹിതൻ ഒരിക്കൽ പങ്കുവെക്കുകയുണ്ടായി. ഒരു മുറിയിൽ കാലുകൾ തളർന്ന് കിടക്കയിലായിരിക്കുന്ന പുരോഹിതൻ. ചെറുപ്പത്തിലേ തളർന്ന് രോഗക്കിടക്കയിലായിരിക്കുന്ന മകൾ. ഏക മകൻ അപകടത്തിൽ മരണമടയുകയും ചെയ്തു. എല്ലാം ധീരതയോടെ നേരിടുന്ന കൊച്ചമ്മയോടു ഭവനം സന്ദർശിച്ച അച്ചൻ ചോദിച്ചു "കൊച്ചമ്മേ ഇതെല്ലാം എങ്ങനാണു താങ്ങുന്നത്?" കൊച്ചമ്മ അതിനുത്തരം പറഞ്ഞത് ഇപ്രകാരമാണ്: "ഇതാ, ഇത് എന്റെ മകന്റെ മുറിയാണ്. രാവിലെ ആദ്യം ഞാൻ അച്ചനെ കുളിപ്പിച്ചു കിടത്തും; പിന്നീട് എന്റെ മകളെ കുളിപ്പിച്ചു കിടത്തും. അപ്പോൾ പതിനൊന്നു മണിയാകും. ഞാൻ എന്റെ മകന്റെ ഈ മുറിയിൽ കയറി എന്റെ കർത്താവിന്റെ മുമ്പിൽ മുട്ടുകുത്തും. എന്റെ കാര്യങ്ങൾ പങ്കുവയ്ക്കും; അപ്പോൾ ഞാനൊരു ശബ്ദം കേൾക്കും "മകളേ, ഞാൻ നിന്നോടു കൂടെയുണ്ട്."

പ്രാർത്ഥനയാണ് നമ്മുടെ അന്തരാത്മാക്കളെ ശക്തിപ്പെടുത്തുന്നത്. നിർവീര്യമാക്കുന്ന ചിന്തകളെ ആട്ടിയകറ്റുന്നതാണ് പ്രാർത്ഥന. നമ്മോടൊപ്പമുള്ള ഇമ്മാനുവേലിനോടൊപ്പം പ്രാർത്ഥനയിൽ സമയം ചെലവഴിക്കേണ്ടത് ഏറെ ആവശ്യമാണ്.

ക്രിസ്തുവിന്റെ യഥാർത്ഥ സന്തോഷവും, സമാധാനവും ക്രിസ്തേശുവിൽകൂടിയുള്ള നമ്മുടെ അഭേദ്യമാർന്ന ബന്ധത്തിൽക്കൂടി മാത്രമേ സായത്തമാക്കാൻ കഴിയൂ. നിഷേധാത്മകമായ ചിന്തകൾ മാറി ക്രിയാത്മകമായ ചിന്തകളാൽ നിറയുന്ന മനസ്സുമായി നമുക്കു മുന്നേറാം.

# പിറന്നാൾ സ്തോത്രം

## നവംബർ - ഡിസംബർ

*On your Birthday we wish you all many many happy returns of the day.*

**നവംബർ**

| | | | |
|---|---|---|---|
| 1. | ജോജോ സഖറിയ | - | തുണ്ടിയിൽ |
| | ജിജു ഏബ്രഹാം | - | മൈലയ്ക്കൽ |
| | ജിജി സൂസൻ ജോൺസൺ | - | തൈപ്പറമ്പിൽ |
| | രജ്ഞി പി.ജോർജ്ജ് | - | കൊച്ചുതുണ്ടിയിൽ |
| | എയിഡൻ ഫിലിപ്പ് റോജി | - | ഈട്ടിക്കൽ |
| 2. | വർഗ്ഗീസ് ജോൺ | - | കോടംപള്ളിൽ എബനേസർവില്ല |
| | അൽവിനാ ആൻ ഏബ്രഹാം | - | നെല്ലിമൂട്ടിൽ |
| 3. | എം.ഒ.ഉമ്മൻ | - | ഈട്ടിക്കൽ |
| | എൽസൻ സാം മാത്യു | - | മൈലയ്ക്കൽ |
| 4. | വർഗ്ഗീസ് റ്റി.കുരുവിള | - | തൈപ്പറമ്പിൽ |
| | റോയി എസ്. കുര്യൻ | - | മുണ്ടയ്ക്കൽ മലയിൽ |
| | ഏബൽ ജെബു വർഗ്ഗീസ് | - | വടക്കേമുണ്ടക്കൽ |
| 6. | ജോൺ ജേക്കബ് | - | കച്ചിറ |
| | സോണി മേരി വിനു | - | കൊച്ചുപുരയ്ക്കൽ |
| 7 | റ്റിജോ തോമസ് | - | പാറയിൽ അക്കരപ്പറമ്പിൽ |
| | കെ.ഇ. ജോൺസൺ | - | കട്ടത്തറ |
| 8 | ആഷിഷ് ജോർജ്ജ് ചാണ്ടി | - | നെല്ലിമൂട്ടിൽ |
| | ഐെറിൻ തോമസ് | - | ആഞ്ഞിലിമൂട്ടിൽ |
| 9 | ജോൺസൺ വർഗ്ഗീസ് | - | പാറയിൽ |
| | ഡോ. ലിബി ജോൺ | - | വല്ലേട്ട് |
| | സാവിയോ തോമസ് മധു | - | ചേച്ചാകുന്നിൽ |
| 11 | അനു | - | പാറടിയിൽ |
| 12 | കുര്യൻ കോശി | - | മുണ്ടയ്ക്കൽ മലയിൽ |
| | ലൈനാ ആൻ മാത്യു | - | പാറടിയിൽ |
| 14 | ഡോ. പി.ജോൺ | - | വല്ലേട്ട് |
| | കുര്യൻ വർഗ്ഗീസ് | - | കൊച്ചുതുണ്ടിയിൽ |
| | ശോശാമ്മ കോശി | - | മുണ്ടയ്ക്കൽ മലയിൽ |
| | ബീനാതോമസ് | - | താഴികമലയിൽ |
| 15 | എൽസി ജോർജ്ജ് | - | തെക്കേക്കുറ്റ് പാലയ്ക്കാത്തകിടിയിൽ |
| | ജിസ്സാ ആനി കോശി | - | തറികുന്നിൽ |
| | നേഹാ അന്നാ ഏബ്രഹാം | - | തൊട്ടിപ്പാറയ്ക്കൽ |

| | | | |
|---|---|---|---|
| | സാൽവിൻ ജോർജ്ജ് ഷാജി | - | നെല്ലിമല വടക്കേതിലായ മുല്ലപ്പള്ളിൽ |
| | പ്രെറ്റി അന്നാ ജോൺ | - | തുരുത്തുമല തകിടിയിൽ |
| | എമിലിയാ ആൻ സാം | - | തൈപ്പറമ്പിൽ |
| 16 | മെറിൻ ജേക്കബ് | - | താഴികയിൽ |
| | റെന്റു അച്ചു സാബു | - | വടക്കേമുണ്ടക്കൽ തെക്കേതിൽ |
| | ബിബി എലിസബത്ത് മാത്യു | - | മുണ്ടയ്ക്കൽ കോക്കോത്ത് |
| 17 | അനുഗ്രഹാ മെറിൻ ജിജി | - | കരിപ്പക്കുഴിയിൽ |
| 18 | ഏലിയാമ്മ മാത്യു | - | പാറയിൽ ആഞ്ഞിലിമൂട്ടിൽ |
| 19 | മധു തോമസ് | - | ചേച്ചാകുന്നേൽ |
| | തങ്കമ്മ വർഗ്ഗീസ്കുട്ടി | - | മണ്ണിൽ പീസ് ലാന്റ് |
| | റ്റിജോ കെ. ജോൺ | - | ഇലവുങ്കൽ |
| 20 | ചാക്കോനൈനാൻ | - | താഴികയിൽ |
| | കോശിചെറിയാൻ | - | നടുപ്പറമ്പിൽ |
| | ജിബി ഈപ്പൻ | - | തൊട്ടിപ്പാറയ്ക്കൽ |
| | ഏബ്രഹാം വർഗ്ഗീസ് | - | താഴികയിൽ |
| 21 | റേച്ചൽ ജോർജ്ജ് | - | കാലാപ്പറമ്പിൽ |
| | സുനിൽ ഏബ്രഹാം | - | ഇലഞ്ഞിമൂട്ടിൽ |
| | ജിഥിൻ ജോൺകോശി | - | തറികുന്നിൽ |
| | മെറിൻ സജി | - | മംഗലത്ത് |
| | കുരുവിള മാത്യു | - | മുണ്ടയ്ക്കമണ്ണിൽ |
| | ജീന അനു അലക്സാണ്ടർ | - | പാമല പുത്തൻവീട്ടിൽ |
| 22 | സിമി സാറാ വർഗ്ഗീസ് | - | കൊച്ചുതുണ്ടിയിൽ |
| | കുര്യൻ ജോൺ | - | കാഞ്ഞിരത്തിങ്കൽ |
| 23 | ഏബ്രഹാം വർഗ്ഗീസ് | - | തെക്കേക്കൂറ്റ് തകിടിയിൽ |
| | തോമസ് മാത്യു | - | ഇടമുറിയിൽ ഒറ്റപ്ലാമൂട്ടിൽ |
| | ഏബ്രഹാം കുരുവിള(റിൻസി) | - | തൊട്ടിപ്പാറയ്ക്കൽ |
| | ജെറി വർഗ്ഗീസ് | - | താഴികയിൽ |
| | മിനി എലിസബത്ത് വർഗ്ഗീസ് | - | തൈപ്പറമ്പിൽ |
| | ജോനാഥാൻ ഏബ്രഹാം ജോർജ്ജ് | - | കാലാപ്പറമ്പിൽ |
| | ജോഷ് ജോൺ ജേക്കബ് | - | കച്ചിറ |
| | മീഖ അന്ന ഏബ്രഹാം | - | തൈപ്പറമ്പിൽ |
| 24 | സോമിതോമസ് | - | പാമല പുത്തൻവീട് |
| | വിപിൻ റോയി | - | ഈട്ടിക്കൽ |
| | സുബിൻ കുരുവിളസാം | - | ഇലവുങ്കൽ മേലേക്കുറ്റ് |
| 25 | അനീഷ് മാത്യു | - | മൈലയ്ക്കൽ |
| 26 | ദീപ്തി അന്ന ജേക്കബ് | - | താഴികയിൽ |
| 27 | റോസ്മിൽ ആൻ മാത്യു | - | കൊച്ചുതുണ്ടിമലയിൽ |
| | ജിജോ അലക്സാണ്ടർ | - | പാമല പുത്തൻവീട്ടിൽ |
| | ജിനു വത്സ തോമസ് | - | ചേച്ചാകുന്നിൽ |
| 28 | ജേക്കബ് ജോൺ | - | ഓവിൽ പുത്തൻവീട് |

| | | | |
|---|---|---|---|
| | അന്നമ്മ ജോർജ്ജ് | - | കൊച്ചുതുണ്ടിയിൽ |
| 29 | ജിസു റേച്ചൽ കെ.തോമസ് | - | ഇലവുങ്കൽ മലയിൽ |
| | ഷീജ വർഗ്ഗീസ് | - | എടേട്ട് |

## ഡിസംബർ

| | | | |
|---|---|---|---|
| 1 | റൂബി മറിയം മാത്യൂസ് | - | പണിക്കന്റേത്ത് തൊട്ടിപ്പാറയ്ക്കൽ |
| | ജോർജ്ജ് ഏബ്രഹാം | - | ചേച്ചാകുന്നിൽ |
| 2 | ഷാജി മാമ്മൻ | - | മുണ്ടയ്ക്കൽ |
| | വർക്കി ജോൺ | - | കൊച്ചുതുണ്ടിമലയിൽ |
| | നിസ്സി ആൻ വർഗ്ഗീസ് | - | കോടംപള്ളിൽ എബസേസർവില്ല |
| | സിനു ആൻ ബാബു | - | ഒറ്റപ്ലാമൂട്ടിൽ |
| 3 | മേരിക്കുട്ടി ഏബ്രഹാം | - | ഈട്ടിക്കൽ |
| | മെറിൻ കെ.തോമസ് | - | കാലാപ്പറമ്പിൽ |
| | സുമിത്ര ഷൺമുഖം | - | നെല്ലിമൂട്ടിൽ |
| 4 | ബെൽജി പ്രോംദാസ് | - | പൂമാത്തിവിളപുത്തൻവിള |
| | വർക്കി ജേക്കബ് | - | ഈട്ടിക്കൽ |
| 5 | ടീനാ മറിയം ചെറിയാൻ | - | മൈലയ്ക്കൽ |
| | അനു റോജി തോമസ് | - | തൊട്ടിപ്പാറയ്ക്കൽ |
| 6 | മറിയാമ്മ കോരുള | - | ഇലവുങ്ക മലയിൽ |
| | സനോജ് ഈപ്പൻ ജോർജ്ജ് | - | കൊച്ചുതുണ്ടിയിൽ |
| | ശ്രേയാ സൂസൻ മാത്യു | - | മൈലയ്ക്കൽ |
| 7 | മേരി ഗീവർഗ്ഗീസ് | - | പാണംകുളത്ത് |
| | യോഹന്നാൻ ജോയി | - | തറികുന്നിൽ |
| | മനീഷ് വർഗ്ഗീസ് ജോർജ്ജ് | - | അമ്പാട്ടുകുന്നേൽ |
| 8 | വിൽസി ജോർജ്ജ് | - | ചേച്ചാകുന്നിൽ |
| 9 | അതുൾ കെ. വർഗ്ഗീസ് | - | ഇലവിനാക്കുഴിയിൽ |
| | സുബിൻ കെ. സാബു | - | ആഞ്ഞിലിമൂട്ടിൽ |
| 10 | വർഗ്ഗീസ് കോശി | - | മുണ്ടയ്ക്കൽ മലയിൽ |
| 11 | സൂസമ്മ മാത്തുക്കുട്ടി | - | കാരിമൂട്ടിൽ |
| 12 | സുനോജ് ജേക്കബ് കുര്യൻ | - | തുണ്ടിയിൽ |
| | റെയ്നാ അച്ചു റോയ് | - | വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ |
| 13 | ചാണ്ടി കുര്യൻ | - | പാമല പുത്തൻവീട്ടിൽ |
| | ചിന്നമ്മ കുര്യൻ | - | പാമല പുത്തൻവീട്ടിൽ |
| | ചിന്നമ്മ ചാണ്ടി | - | ഇലവിനാക്കുഴിയിൽ |
| | സൂസൻ ഷിറിൻ | - | ഈട്ടിക്കൽ |
| 15 | ക്രിസ്റ്റിലാ ആൻ വർഗ്ഗീസ് | - | പടിഞ്ഞാറേക്കൂറ്റ് |
| | നവ്യ അന്ന വർക്കി | - | ഈട്ടിക്കൽ |
| | സാജൻ പോൾ | - | സി.ഡി സദനം |
| | ബോവസ് സാജൻ | - | സി.ഡി സദനം |
| 16 | അബിഗയിൽ ജെബു | - | വടക്കേമുണ്ടക്കൽ |

| | | | |
|---|---|---|---|
| 17 | തോമസ് ഉമ്മൻ | - | വടക്കേമുണ്ടക്കൽ |
| | ബിൽ ചാണ്ടി മാത്യു | - | തൊട്ടിപ്പാറയ്ക്കൽ |
| | അച്ചാമ്മ ജോൺ | - | ഇലവുങ്കൽ |
| | ക്രിസ്റ്റീൻ എലിസബത്ത് ഉമ്മൻ | - | ഈട്ടിക്കൽ |
| | മാത്യു ജെ. വർഗ്ഗീസ് | - | കോടംപള്ളിൽ എബസേസർവില്ല |
| 18 | ഷെറിൻ ആൻ നിബു | - | മണ്ണിൽ പീസ് ലാന്റ് |
| | ലിജോ കോശി | - | നടുപ്പറമ്പിൽ |
| 19 | ബെഞ്ചമിൻ ജോർജ്ജ് | - | തുണ്ടിയിൽ |
| | മനോജ് ജേക്കബ് ഏബ്രഹാം | - | ഇലഞ്ഞിമൂട്ടിൽ |
| 20 | സ്നേഹ അച്ചു സാബു | - | ആഞ്ഞിലിമൂട്ടിൽ കിഴക്കേതിൽ |
| | ഡോ. മാത്യു ജോൺ | - | വല്ലേട്ട് |
| | സൂസൻ വർഗ്ഗീസ് | - | കോടംപള്ളിൽ എബസേസർവില്ല |
| 21 | വിമൽ മാത്യു ഗീവർഗ്ഗീസ് | - | പാണംകുളത്ത് |
| | റീന ഷാജി | - | മംഗലത്ത് |
| | ഇമ്മാനുവൽ ജേക്കബ് ജോർജ്ജി | - | കച്ചിറ |
| 22 | ആനി കെ. ചാണ്ടി | - | കുളങ്ങര |
| | ജിത്തു ജോൺസൺ | - | തൈപ്പറമ്പിൽ |
| | ഷിബു ഏബ്രഹാം | - | നെല്ലിമൂട്ടിൽ |
| 23 | ബെഞ്ചമിൻ കെ. ചാണ്ടി | - | കുളങ്ങര |
| 24 | എ.വി. കുരുവിള | - | കൊച്ചുതുണ്ടിയിൽ |
| | ഡാർലി കെ. ചാണ്ടി | - | കുളങ്ങര |
| 25 | ഏബ്രഹാം മാത്യു | - | പാറടിയിൽ |
| | ശാന്തമ്മ ഏബ്രഹാം | - | നെല്ലിമൂട്ടിൽ |
| | മേരിക്കുട്ടി തോമസ് | - | ചക്കാലയിൽ പുത്തൻവീട് |
| | ക്രിസ്റ്റാ സോമൻ | - | നെല്ലിമൂട്ടിൽ |
| 26 | ജേക്കബ് മാത്യു | - | ഇലവിനാക്കുഴിയിൽ |
| | സാജു എം. വർഗ്ഗീസ് | - | മഠത്തിൽ |
| | അലൻ ജേക്ക് ഉമ്മൻ | - | ഈട്ടിക്കൽ |
| | ഇമ്മാനുവേൽ ചെറിയാൻ ജോർജ്ജ് | - | ഈട്ടിക്കൽ |
| 27 | കുര്യൻ ചെറിയാൻ | - | മുണ്ടയ്ക്കൽ മലയിൽ |
| 28 | ഷാജി കുര്യൻ | - | മുണ്ടയ്ക്കൽ മലയിൽ |
| | ഏലിയാമ്മ ജോൺ | - | ചക്കാലയിൽ സജ്ജുവില്ല |
| | ക്രിസ്റ്റീനാ ആൻ വർഗ്ഗീസ് | - | പടിഞ്ഞാറേക്കൂറ്റ് |
| | സാജ് ഫിലിപ്പ് മധു | - | ചേച്ചാകുന്നിൽ |
| 29 | അഞ്ചു സാം | - | തൈപ്പറമ്പിൽ |
| | ഷാരൻ ലിസ് മാത്യു | - | മൈലയ്ക്കൽ |
| | ബിനി ഫിലിപ്പ് | - | ചേച്ചാകുന്നിൽ |
| 30 | കോശി വർഗ്ഗീസ് | - | തുരുത്തുമല തകിടിയിൽ |
| 31 | ക്രിസ്റ്റാ സൂസൻ ജേക്കബ് | - | കച്ചിറ |
| | കലയരശൻ എസ്. | - | നെല്ലിമൂട്ടിൽ |

# വിവാഹ വാർഷിക സ്തോത്രം
## നവംബർ - ഡിസംബർ

*We wish the following many years of happy married life*

**നവംബർ**

| | | |
|---|---|---|
| 2 | തോമസ് ജോർജ്ജ് & സാറാമ്മ തോമസ് | - കൊച്ചുതുണ്ടിയിൽ |
| 5 | Mrs. & Mr. എ.വി. കുരുവിള | - കൊച്ചുതുണ്ടിയിൽ |
| 9 | Mrs. & Mr. ജോർജ്ജ് മാത്യു | - കാരിമൂട്ടിൽ |
| 11 | Dr. വി.ജെ. വർഗീസ് & മറിയാമ്മ | - പാറയിൽ |
| 13 | Mrs. & Mr. കോരുള ജോൺ | - ഇലവുങ്കൽ |
| 15 | ജേക്കബ് ജോൺ & റീനാ | - ഓവിൽപുതുപ്പറമ്പിൽ |
| 17 | ഗീവർഗ്ഗീസ് മാത്യു & മേഴ്സി | - പാണംകുളത്ത് |
| | മധു തോമസ് & ബിനി | - ചേച്ചാകുന്നിൽ |
| 21 | സാബു ജേക്കബ് & സാലി | - താഴികയിൽ |
| 22 | ജിൻജു ജോൺ വർഗ്ഗീസ് & ആൽഫി | - കോട്ടയ്ക്കാ പറമ്പിൽ |
| | ബിജി ഉമ്മൻ ജേക്കബ് & സുമ | - ഈട്ടിക്കൽ |
| 24 | Mrs. & Mr. മധു ജോൺ | - വല്ല്യേട്ട് |
| 25 | സോമൻ ജോസഫ് & ക്രിസ്റ്റാ | - നെല്ലിമൂട്ടിൽ |
| 26 | Mrs. & Mr. സാം സി. കോരുള | - ഇലവുങ്കൽ മേലേക്കുറ്റ് |
| 28 | വിനിൽ തോമസ് & റീനി | - പാറയിൽ അക്കരപ്പറമ്പിൽ |
| 29 | ചാണ്ടി എം. ഏബ്രഹാം & ലാലി | - മൈലയ്ക്കൽ |
| 30 | ജോൺ ചാക്കോ & ശോശാമ്മ | - കച്ചിറ |

**ഡിസംബർ**

| | | |
|---|---|---|
| 5 | നിബു പി. വർഗ്ഗീസ് & ഷെറിൻ ആൻ നിബു | - മണ്ണിൽ പീസ് ലാന്റ് |
| 10 | ബിജോ മാത്യു അലക്സാണ്ടർ & ആഷ്‌ലി | - പാമല പുത്തൻവീട്ടിൽ |
| 14 | ജിബി ജേക്കബ് & ജെയ്ൻ | - തൈപ്പറമ്പിൽ |
| | ഷെറിൽ കെ. വർഗീസ് & സെൻസി | - ഇലവിനാക്കുഴിയിൽ |
| 28 | ഡോ. സാം റ്റി. കുരുവിള & സുശീല | - തൈപ്പറമ്പിൽ |
| | വർക്കി കുരുവിള & എൽസി | - തൈപ്പറമ്പിൽ |
| | ഷിബു ചാണ്ടി & റെനി ഷിബു | - ഇലവിനാക്കുഴിയിൽ |
| 29 | ജേക്കബ് എം.ചെറിയൻ & സോഫിമോൾ | - മുണ്ടയ്ക്കൽ മലയിൽ |
| 30 | വർക്കി ജോർജ്ജ് & ആലീസ് | - അമ്പാട്ടുകുന്നിൽ |
| | എം.സി. ചാക്കോ & ശോശാമ്മ | - മുണ്ടയ്ക്കൽ മലയിൽ പാറടി |
| 31 | റോജി തോമസ് മാത്യു & അനു റോജി | - തൊട്ടിപ്പാറയ്ക്കൽ |
| | സാബു ജോൺ കോരുത് & ജെസി സാബു | - കൊച്ചുമണ്ണിൽ |

# കുറിവാക്യം 2015

"നിന്റെ സന്തതിമേൽ എന്റെ ആത്മാവിനേയും
നിന്റെ സന്താനത്തിന്മേൽ
എന്റെ അനുഗ്രഹത്തേയും പകരും."
യെശ. 44:3

"I will pour out my spirit up on your
descendants, and blessings on your offspring."
(Isa 44:3)

| കൂട്ടായ്മ യോഗം നവംബർ - ഡിസംബർ 2015 | |
|---|---|
| 1. 04.11.2015 | - ഏബ്രഹാം സി. ജോർജ്ജ്, ചേച്ചാകുന്നിൽ |
| 2. 11.11.2015 | - കെ. കെ. കുരുവിള, കുളങ്ങര സാജൻവില്ല |
| 3. 18.11.2015 | - ഏലിയാമ്മ തോമസ്, മലയ്ക്കൽ |
| 4. 25.11.2015 | - ജോസഫ് തോമസ് (ബാബു), വടക്കേ മുണ്ടയ്ക്കൽ തെക്കേതിൽ |
| 5. 02.12.2015 | - കെ. വി. ജോൺ, കൊച്ചുതുണ്ടിയിൽ ജോയി ഭവൻ |
| 6. 09.12.2015 | - ഡോ. മാത്യു ജോൺ, വല്ല്യേട്ട് |
| 7. 16.12.2015 | - സാബു ഏബ്രഹാം, തുരുത്തുമല തകടിയിൽ |
| 8. 06.01.2016 | - മറിയാമ്മ വർഗ്ഗീസ്, മുണ്ടയ്ക്കൽ |

# സെന്റ് സ്റ്റീഫൻസ് സി. എസ്.ഐ. ചർച്ച് മുണ്ടിയപ്പള്ളി

## മാസത്തിരട്ട് - ആഗസ്റ്റ് 2015

| വരവ് | തന്മാസം | | ചെലവ് | തന്മാസം | |
|---|---|---|---|---|---|
| മുൻമിച്ചം – ക്യാഷ് ഇൻ ഹാൻഡ് | 0 | 00 | ഇടവകപ്പട്ടക്കാരന്റെ ശമ്പളം | 13200 | 00 |
| ബാങ്ക് എസ്.ബി.ഐ. | 17092 | 96 | ഡി.എ. | 5280 | 00 |
| സഹകരണബാങ്ക് | 417861 | 89 | പി.എഫ്. | 1320 | 00 |
| എൻഡോവ്മെന്റ് എഫ്.ഡി. | 2382710 | 00 | ലോക്കൽ അലവൻസ് | 2500 | 00 |
| എൻഡോവ്മെന്റ് പലിശ | 301832 | 50 | വാഹന അലവൻസ് | 4000 | 00 |
| മാസവരി | 2400 | 00 | ഇടക്കാലാശ്വാസം | 1980 | 00 |
| ഞായർ പിരിവ് | 41941 | 00 | കപ്യാർ ശമ്പളം | 5800 | 00 |
| പിടിയരി | 3412 | 00 | ഡി.എ. | 2320 | 00 |
| ദാനം/സ്തോത്രം | 100 | 00 | പി.എഫ് | 580 | 00 |
| വിവാഹവാർഷികം | 1100 | 00 | പെട്രോൾ അലവൻസ് | 700 | 00 |
| പിറന്നാൾ സ്തോത്രം | 10989 | 00 | വിശുദ്ധ സംസർഗ്ഗം വക | 275 | 00 |
| ആദ്യഫലം | 1190 | 00 | മെയിന്റനൻസ് | 39205 | 00 |
| വിവാഹ സംഭാവന | 17000 | 00 | കമ്മറ്റി/കൗൺസിൽ | 1384 | 00 |
| പള്ളി ഫീസുകൾ/സർട്ടിഫിക്കറ്റ് ഫീസ് | 200 | 00 | ദശാംശ വരവിൽ നിന്നും ചെലവ് | 3000 | 00 |
| പ്രത്യേക മുതൽ സംഭാവന | 95000 | 00 | പോസ്റ്റേജ്/അച്ചടി | 60 | 00 |
| പ്രത്യേക കവർ പിരിവുകൾ | 9060 | 00 | ലേബർ ചാർജ്ജ് | 600 | 00 |
| തേക്കുമട്ടല | 150 | 00 | ക്യൂറേറ്റ് അലവൻസ് | 5500 | 00 |
| ചർക്കാരി | 50 | 00 | പലവക ചെലവുകൾ | 1000 | 00 |
| എഫ്.എം.പി.ബി. | 150 | 00 | കേന്ദ്രവിഹിതം | 4000 | 00 |
| മിഷൻസ് ഇന്ത്യ | 100 | 00 | കൺവൻഷൻ/ഓണവാരം | 21100 | 00 |
| മൈസൂർ മിഷൻ | 150 | 00 | ചികിത്സാ സഹായം | 3700 | 00 |
| ഐ. ഇ. എം | 100 | 00 | റ്റി. എ. | 1000 | 00 |
| ഹൗസ് ചർച്ച് | 3500 | 00 | സംഭാവന നൽകിയത് ഹോസ്റ്റൽ | 15000 | 00 |
| ഇടവക ദൂതൻ | 4500 | 00 | മെഡിക്കൽ ബിൽ | 995 | 00 |
| കൺവൻഷൻ/ഓണവാരം | 29850 | 00 | | | |
| ദശാംശ സ്ത്രോത്രം | 62395 | 00 | | | |
| ചികിത്സാ സഹായം | 6800 | 00 | | | |
| സംഭാവന (ഹോസ്റ്റൽ) | 15000 | 00 | | | |
| ലോൺ തിരിച്ചടവ് | 1000 | 00 | | | |
| ആകെ വരവ് | 3425634 | 35 | ആകെ ചെലവ് | 134499 | 00 |

| | |
|---|---|
| ആകെ വരവ് | 3425634.35 |
| ആകെ ചെലവ് | 134499.00 |
| മിച്ചം | 3291135.35 |

# സെന്റ് സ്റ്റീഫൻസ് സി. എസ്.ഐ. ചർച്ച് മുണ്ടിയപ്പള്ളി

## മാസത്തിരട്ട് - സെപ്റ്റംബർ 2015

| വരവ് | തന്മാസം | |
|---|---|---|
| മുൻമിച്ചം – ക്യാഷ് ഇൻ ഹാൻഡ് | 0 | 00 |
| ബാങ്ക് എസ്.ബി.ഐ. | 17092 | 96 |
| സഹകരണബാങ്ക് | 589499 | 89 |
| എൻഡോവ്മെന്റ് എഫ്.ഡി. | 2382710 | 00 |
| എൻഡോവ്മെന്റ് പലിശ | 301832 | 50 |
| മാസവരി | 4900 | 00 |
| ഞായർ പിരിവ് | 34445 | 00 |
| പിടിയരി | 4795 | 00 |
| ദാനം/സ്തോത്രം | 15850 | 00 |
| വിവാഹവാർഷികം | 6200 | 00 |
| പിറന്നാൾ സ്തോത്രം | 9080 | 00 |
| ആദ്യഫലം | 725 | 00 |
| വിവാഹ സംഭാവന | 26500 | 00 |
| പള്ളിപീസുകൾ/ സർട്ടിഫിക്കേറ്റ് | 1000 | 00 |
| കല്ലറ ഫീസ് | 4000 | 00 |
| വീഡിയോ ഫീസ് | 8000 | 00 |
| പ്രത്യേക കവർ പിരിവുകൾ | 10230 | 00 |
| മിഷനറി പ്രവർത്തനങ്ങൾ ഒറീസ മിഷൻ | 1100 | 00 |
| ഭിലായ് മിഷൻ | 600 | 00 |
| കുട്ടനാടൻ മിഷൻ | 600 | 00 |
| തേക്കുമട്ടല | 700 | 00 |
| ചർക്കാരി | 650 | 00 |
| എഫ്. എം. പി. ബി | 700 | 00 |
| പറക്കാൽ | 1100 | 00 |
| ട്രൈബൽ മിഷൻ | 600 | 00 |
| മിഷൻസ് ഇന്ത്യ | 650 | 00 |
| തെലുങ്കാന മിഷൻ | 600 | 00 |
| എൻ. എം. എസ്. | 600 | 00 |
| തോട്ടപ്രദേശ മിഷൻ | 1000 | 00 |
| മൈസൂർ മിഷൻ | 700 | 00 |
| ഐ. ഇ. എം. | 1850 | 00 |
| മലയോര മിഷൻ | 600 | 00 |
| ഉത്തരാഞ്ചൽ മിഷൻ | 600 | 00 |
| ഹൗസ് ചർച്ച് | 6550 | 00 |
| ഇടവക ദൂതൻ | 1000 | 00 |
| ഗായക സംഘം | 6000 | 00 |
| ദശാംശ സ്തോത്രം | 64480 | 00 |
| ചികിത്സാ സഹായം | 2500 | 00 |
| ജനറേറ്റർ | 1200 | 00 |
| സാധുജന സഹായം | 15000 | 00 |
| ലോൺ തിരിച്ചടവ് | 1000 | 00 |
| ആകെ വരവ് | 3527240 | 35 |

| ചെലവ് | തന്മാസം | |
|---|---|---|
| ഇടവകപ്പട്ടക്കാരന്റെ ശമ്പളം | 13200 | 00 |
| ഡി.എ. | 5280 | 00 |
| പി.എഫ്. | 1320 | 00 |
| ലോക്കൽ അലവൻസ് | 2500 | 00 |
| വാഹന അലവൻസ് | 4000 | 00 |
| ഇടക്കാലാശ്വാസം | 1980 | 00 |
| കപ്യാർ ശമ്പളം | 5800 | 00 |
| ഡി.എ. | 2320 | 00 |
| പി.എഫ് | 580 | 00 |
| പെട്രോൾ അലവൻസ് | 700 | 00 |
| വിശുദ്ധ സംസർഗ്ഗം വക | 480 | 00 |
| ടെലിഫോൺ | 754 | 00 |
| മെയിന്റനൻസ് | 29155 | 00 |
| കമ്മറ്റി/കൗൺസിൽ | 568 | 00 |
| ദശാംശ വരവിൽ നിന്നും ചെലവ് | 25000 | 00 |
| സ്റ്റേഷനറി | 4262 | 00 |
| ക്യൂറേറ്റ് അലവൻസ് | 5500 | 00 |
| പലവക ചെലവുകൾ | 25510 | 00 |
| ജനറേറ്റർ | 7496 | 00 |
| ഇടവകദൂതൻ | 5500 | 00 |
| ഓഡിറ്റ് ഫീ | 9690 | 00 |
| റ്റി. എ. | 1500 | 00 |
| നിർമ്മാണ പ്രവർത്തനങ്ങൾ | 38500 | 00 |
| ആകെ ചെലവ് | 181905 | 00 |

| | |
|---|---|
| ആകെ വരവ് | 3527240.35 |
| ആകെ ചെലവ് | 181905.00 |
| മിച്ചം | 3345335.35 |

# സഭാപഞ്ചാംഗം

8-11-2015,10 a.m. **ഐക്യആരാധന**

15-11-2015,10 a.m. **പെന്തക്കോസ്തിനു പിമ്പ് 25-ാം ഞായർ**
പെൺശിശു ഞായർ -
പെൺകുഞ്ഞുങ്ങളെ സംരക്ഷിക്കുക
ഇയ്യോ 42:10-17 അ.പ്ര. 16:16-18
സങ്കീ.45:8-14 മത്താ 15:21-28

22-11-2015,10 a.m. **പെന്തക്കോസ്തിനു പിമ്പ് 26-ാം ഞായർ**
ദാരിദ്ര്യത്തോടുള്ള ക്രിസ്തീയ പ്രതികരണം
ആമോ 8:4-7 യാക്കോ. 2:1-7
സങ്കീ. 145 ലൂക്കോ. 16:19-31

29-11-2015,10 a.m. **ആഗമനത്തിൽ 1-ാം ഞായർ**
മറിയ എലിസബേത്തിനെ കണ്ടുമുട്ടുന്നു
പുറ 2:1-10 അ.പ്ര. 9:10-18
സങ്കീ. 117 ലൂക്കോ. 1:39-56

6-12-2015,10 a.m. **ആഗമനത്തിൽ 2-ാം ഞായർ**
ദൈവവചനം പ്രചോദിക്കാൻ പ്രചോദിക്കപ്പെട്ട വചനം
1 രാജാ 19:1-21 വെളി. 10:1-11
സങ്കീ. 119:33-40 ലൂക്കോ. 1:39-45

13-12-2015,10 a.m. **ആഗമനത്തിൽ 3-ാം ഞായർ**
പാപബന്ധനത്തിൽ നിന്നു മോചനം
പുറ. 14:1-14 റോമ 8:1-11
സങ്കീ. 37:1-12 യോഹ. 8:31-38

20-12-2015,9 a.m. **ആഗമനത്തിൽ 3-ാം ഞായർ**

ക്രിസ്തുമസിനു മുമ്പുള്ള ഞായർ

ആദ്യഫലപ്പെരുന്നാൾ

| | |
|---|---|
| 1 ദിന 29:10-20 | 1 തിമോ. 6:6-12 |
| സങ്കീ. 65 | യോഹ 6:26-35 |

24-12-2015,7 p.m. **കരോൾ സർവ്വീസ്**

25-12-2015,8 a.m. **ക്രിസ്മസ് ദിനം**

ക്രിസ്മസ് ഒരു പുതിയ പ്രഭാതം

| | |
|---|---|
| യെശ 9:1-7 | ഗലാ 4:1-7 |
| സങ്കീ. 98 | ലൂക്കോ. 2:1-14 |

25-12-2015,7 p.m. **പ്രതിഷ്ഠാദിന ഒരുക്കശുശ്രൂഷ**

26-12-2015,10 a.m. **പ്രതിഷ്ഠാദിന ആരാധന**

| | |
|---|---|
| 2 ദിന 24:20-22 | അ.പ്ര. 7:51-60 |
| സങ്കീ. 31:1-5 | മത്താ 10:16-22 |

27-12-2015,10 a.m. **ക്രിസ്മസിന് പിമ്പ് 1-ാം ഞായർ**

കുടുംബം - സൗഖ്യത്തിന്റെ താഴ്വര

| | |
|---|---|
| ഉല്പ 33:1-11 | എഫെ 6:1-19 |
| സങ്കീ. 91 | ലൂക്കോ 15:11-24 |

31-12-2015,11.30 p.m. **വർഷാവസാന ആരാധന**

കർത്താവിന്റെ അടുത്തേക്ക് വരിക- ഉല്ലസിക്ക

| | |
|---|---|
| യെശ 1:1-20 | അ.പ്ര 16:19-34 |
| സങ്കീ. 89:1-18 | ലൂക്കോ 19:1-10 |




സന്തോഷകരമായ
ക്രിസ്തുമസും
പുതുവത്സരവും
ആശംസിക്കുന്നു



# DECEMBER 26

## *St.Stephen's Day*

